കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിക്കു (ഫേസ്-2) വേണ്ടി ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ തലവടി, കുന്നുമ്മ, വെളിയനാട് വില്ലേജുകളിൽ നിന്നും 66.78 ആർസ് ഭൂമി ഏറ്റെടുക്കുന്നതിനോടനുബന്ധിച്ച് നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടി ന്മേലുള്ള വിദഗ്ദ്ധ സമിതിയുടെ ശുപാർശ കുറിപ്പ്.

**തീയതി 09/08/2021**

ആലപ്പുഴ ജില്ലയിൽ കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിക്കു (ഫേസ് -2) വേണ്ടി ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ തലവടി, കുന്നുമ്മ, വെളിയനാട് വില്ലേജുകളിൽ നിന്നും 66.78 ആർസ് ഭൂമി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുവാൻ 04/09/2020 തീയതിയിലെ G.O.(Rt)No.2780/2020/RD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്ത പദ്ധതി നടപ്പിലാക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനോടനുബന്ധിച്ച് ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതത്തെക്കുറിച്ച് പഠനം നടത്തി അന്തിമ പഠന റിപ്പോർട്ടും സോഷ്യൽ ഇംപാക്ട് മാനേജ്മെന്റ് പ്ലാനും സമർപ്പിക്കുവാൻ ശ്രീമതി പ്രിൻസി ജേക്കബ്, പറമ്പത്തുശ്ശേരി വീട്, ബി-7, സൗമ്യ നഗർ, 3rd ലൈൻ, ആലിൻ ചുവട്, ഇടപ്പള്ളി പി.ഒ. – 682024 എന്ന ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിനെ ചുമതലപ്പെടുത്തി വിജ്ഞാപനം ചെയ്തിരുന്നതും (അവലംബം 21/06/2021 -ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള സർക്കാർ ഗസറ്റ്, അസാധാരണ വിജ്ഞാപനം നമ്പർ 1806), മേൽ യൂണിറ്റ് അന്തിമ പഠന റിപ്പോർട്ടും, സോഷ്യൽ ഇമ്പാക്ട് മാനേജ്മെന്റ് പ്ലാനും ശ്രീമതി പ്രിൻസി ജേക്കബിന്റെ 29/07/2021 ലെ കത്ത് പ്രകാരം ഡെപ്യൂട്ടി കളക്ടർ (L.A.) മുൻപാകെ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഏജൻസി സമർപ്പിച്ച പഠനറിപ്പോർട്ട് വിലയിരുത്തുന്നതിനും വിദഗ്ദ്ധ റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി താഴെ ഒപ്പിട്ടവർ അംഗ ങ്ങളായിട്ടുള്ള വിദഗ്ദ്ധ സമിതി ആലപ്പുഴ ജില്ലാ കളക്ടറുടെ 29/07/2021 തീയതിയിലെ ജി3-1405/2020 നമ്പർ നടപടിക്രമപ്രകാരം രൂപവൽക്കരിച്ചിരിക്കുന്നു.

സംസ്ഥാനത്ത് കോവിഡ്-19 നിയന്ത്രണങ്ങൾ നിലനിൽക്കുന്ന പശ്ചാത്തലത്തിൽ സുരക്ഷാ മാനദണ്ഡങ്ങൾ മുൻനിർത്തി പ്രസ്തുത വിദഗ്ദ്ധ സമിതിയുടെ യോഗം വീഡിയോ കോൺഫെറൻസിങ് മുഖേന 06/08/2021 തീയതി രാവിലെ 11 മണിക്ക് ചേർന്നു. സമിതി യുടെ ചെയർമാൻ ശ്രീ. റിയാസ് കെ.ബഷീർ അധ്യക്ഷത വഹിച്ചു. യോഗം ചേർന്നതിന്റെ പ്രാധാന്യത്തെയും അതിന്റെ ആവശ്യകതയെക്കുറിച്ചും ചെയർമാൻ വിശദീകരിച്ചു. 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാ സത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമ പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് വിദഗ്ദ്ധ സമിതി വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേ ണ്ടതുണ്ട്. ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ തലവടി, കുന്നുമ്മ, വെളിയനാട് വില്ലേ ജുകളിൽ നിന്നും 66.78 ആർസ് ഭൂമിയാണ് കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിക്കു (ഫേസ് -2) വേണ്ടി ഏറ്റെടുക്കേണ്ടത്. പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി 6 കുടുംബങ്ങ ളുടെ ഉടമസ്ഥതയിൽ ഉള്ളതാണ്. പ്രസ്തുത ഭൂമി ഏറ്റെടുക്കൽ വീടുകളെയോ മറ്റു നിർമ്മിതികളെയോ ബാധിക്കുന്നില്ല. ഏറ്റെടുക്കേണ്ട ഭൂമിയുടെ ഒരു ഭാഗത്ത് നെൽക്കൃഷി ചെയ്തിരുന്നെങ്കിലും കഴിഞ്ഞ 2-3 വർഷങ്ങളായി ഇവിടെ യാതൊരുവിധ പ്രവർത്തന ങ്ങളും നടത്തുന്നില്ല. പദ്ധതി പ്രദേശത്ത് തെങ്ങ് ഉൾപ്പെടെ ഏതാനും മരങ്ങൾ മാത്രമാണ് ഉൾപ്പെടുന്നത്.

പഠന റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ സമിതി വിശദമായി ചർച്ച ചെയ്യു കയും നിർദ്ദിഷ്ട പദ്ധതിയുടെ ആവശ്യകത വിലയിരുത്തുകയും ചെയ്തു. ആയതിന്റെ



CENTRE FOR MANAGEMENT DEVELOPMENT TRIVANDRUM

അടിസ്ഥാനത്തിൽ 7 അംഗങ്ങളടങ്ങിയ ഈ വിദഗ്ദ്ധ സമിതി താഴെ ചേർത്ത പ്രകാരം നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. പ്രസ്തുത ഭൂമി ഏറ്റെടുക്കൽ ആലപ്പുഴ ജില്ലയിൽ കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി (ഫേസ് -2) നടപ്പിലാക്കുന്നതിവേണ്ടിയാണ്. പദ്ധതി നടപ്പിലാക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ തലവടി, കുന്നുമ്മ, വെളിയനാട് വില്ലേജുകളിൽ നിന്നും 66.78 ആർസ് ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. പദ്ധതി നടപ്പിലാക്കുന്നതിലൂടെ മേൽപ്പറഞ്ഞ വില്ലേജുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുവാനും ഭൂമിയേറ്റെടുക്കൽ നടപടി ഒരു പൊതു ആവശ്യത്തിന് വേണ്ടിയാണെന്നും ബോധ്യപ്പെട്ടിരിക്കുന്നു.
2. പ്രസ്തുത പദ്ധതിക്കായി തലവടി, കുന്നുമ്മ, വെളിയനാട് വില്ലേജുകളിൽ നിന്നും ഏറ്റെടുക്കേണ്ട 66.78 ആർസ് ഭൂമി ഈ പദ്ധതിക്കായി അധികമാവില്ലെന്നും ആയത് കുറഞ്ഞ അളവിലുള്ളതാണെന്നും ബോധ്യപ്പെട്ടിരിക്കുന്നു.
3. കൃത്യമായ ഏറ്റെടുക്കൽ നടപടികളിലൂടെ പദ്ധതി മൂലം ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാൻ സാധിക്കുമെന്നതിനാൽ നിർദ്ദിഷ്ട പദ്ധതിയ്ക്കായി മറ്റു സ്ഥലം പരിഗണിക്കേണ്ടതില്ല എന്ന് ശുപാർശ ചെയ്യുന്നു.
4. നിർദ്ദിഷ്ട പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നത് വീടുകളെയോ മറ്റു നിർമ്മിതികളെയോ ബാധിക്കുന്നില്ല.
5. നിർദ്ദിഷ്ട സ്ഥലമേറ്റെടുക്കലിലൂടെ ബാധിക്കപ്പെടുന്ന സ്ഥല ഉടമകൾക്ക് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്ന കാര്യം ഉറപ്പുവരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്യുന്നു.
6. പദ്ധതി നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിൽ പദ്ധതി പ്രദേശത്തിന്റെ സമീപ വസ്തുവകകളിൽ ഏതെങ്കിലും രീതിയിലുള്ള കേടുപാടുകൾ സംഭവിക്കുന്നുണ്ടോ എന്ന് അർത്ഥനാധികാരി സ്ഥലപരിശോധനയിലൂടെ വിലയിരുത്തേണ്ടതും അങ്ങനവെ കേടുപാടുകൾ ഉണ്ടാകുന്ന പക്ഷം അതിനെ ലഘൂകരിക്കുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

7. നിർദ്ദിഷ്ട പദ്ധതി പൂർത്തീകരിക്കുന്നതിലൂടെ തലവടി, കുന്നുമ്മ, വെളിയനാട് വില്ലേജുകളിലെ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ സാധിക്കുമെന്നതിനാൽ പ്രസ്തുത ഭൂമിയേറ്റെടുക്കലിലൂടെ ഉണ്ടാവുന്ന നേട്ടം നാമമാത്രമായ പ്രത്യാഘാതങ്ങളേക്കാൾ വളരെ ഉയർന്ന നിലയിൽ ആണെന്നും വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്നു.

ഈ വിദഗ്ദ്ധ സമിതിയിലെ മുഴുവൻ അംഗങ്ങളും മേൽപ്പറഞ്ഞ നിർദ്ദേശങ്ങളെ അംഗീകരിച്ചുകൊണ്ട് നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു.

CENTRE FOR MANAGEMENT DEVELOPMENT TRIVANDRUM

| ക്രമ നമ്പർ | വിദഗ്ദ്ധ സമിതി അംഗങ്ങളുടെ പേരും മേൽവിലാസവും | വിദഗ്ദ്ധ സമിതിയിലെ സ്ഥാനം | ഒപ്പ് |
|---|---|---|---|
| 1. | ശ്രീ. റിയാസ്.കെ.ബഷീർ<br>സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ്,<br>തൈക്കാട്, തിരുവനന്തപുരം | സോഷ്യൽ സയന്റിസ്റ്റ്, വിദഗ്ദ്ധ സമിതിയുടെ ചെയർമാൻ | |
| 2. | ശ്രീ. അമൽ എം. കെ<br>സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ്,<br>തൈക്കാട്, തിരുവനന്തപുരം<br>ഫോൺ നം. 6282948296 | സോഷ്യൽ സയന്റിസ്റ്റ് | |
| 3. | ശ്രീമതി. കൊച്ചുമോൾ ഉത്തമൻ<br>മെമ്പർ, വാർഡ് 7, തലവടി ഗ്രാമപഞ്ചായത്ത്<br>ഫോൺ നം. 9544507937 | നാമനിർദ്ദേശം ചെയ്യുന്ന ബാധിത പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അംഗം | |
| 4. | ശ്രീ. ജോഷി കൊല്ലാറ,<br>മെമ്പർ, വാർഡ് 5, പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്<br>ഫോൺ നം. 9447544791 | നാമനിർദ്ദേശം ചെയ്യുന്ന ബാധിത പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അംഗം | |
| 5. | ശ്രീമതി. സിന്ധു എസ്.<br>സ്പെഷ്യൽ തഹസിൽദാർ,<br>എൽ.എ. യൂണിറ്റ്, കിഫ്ബി,<br>കായംകുളം<br>ഫോൺ നം. 8113001948 | പുനരധിവാസ വിഭാഗത്തിൽ നാമനിർദ്ദേശം ചെയ്യുന്ന വിദഗ്ദ്ധ അംഗം | |
| 6. | ശ്രീമതി. ശോഭ എസ്.<br>ഡെപ്യൂട്ടി കളക്ടർ (എൽ.എ)<br>കളക്ടറേറ്റ്, ആലപ്പുഴ<br>ഫോൺ നം. 8547610043 | പുനരധിവാസ വിഭാഗത്തിൽ നാമനിർദ്ദേശം ചെയ്യുന്ന വിദഗ്ദ്ധ അംഗം | |
| 7 | ശ്രീ. സത്യവിൽസൺ എസ്.<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>കിഫ്ബി പ്രോജക്ട്സ്,<br>കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ<br>ഫോൺ നം. 8547638083 | പദ്ധതിയുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി നാമനിർദ്ദേശം ചെയ്യുന്ന വിദഗ്ദ്ധ അംഗം | |

CENTRE FOR MANAGEMENT DEVELOPMENT TRIVANDRUM

റിയാസ്. കെ. ബഷീർ
ചെയർമാൻ, വിദഗ്ദ്ധ സമിതി